# മത്തായിയുടെ സുവിശേഷത്തിന്റെ

## ജീവ-പഠനം

### ദൂത് പന്ത്രണ്ട്

## രാജാവിന്റെ ശുശ്രൂഷയുടെ ആരംഭം

Tue

നാം ഇപ്പോൾ മത്തായിയുടെ സുവിശേഷത്തിന്റെ വളരെ പ്രധാനമായ ഒരു ഭാഗത്തേക്ക്, രാജാവിന്റെ ശുശ്രൂഷയുടെ ഭാഗത്തേക്ക്, വരുന്നു (4:12-11:30). ഈ ദൂതിൽ ശുശ്രൂഷയുടെ ആരംഭത്തെക്കുറിച്ച് നാം ചിന്തിക്കും (4:12-25). കർത്താവ് അഭിഷേകം ചെയ്യപ്പെട്ടതിനുശേഷം അവൻ യോഗ്യതയുള്ളവനാണെന്ന് തെളിയിക്കുവാൻ പരീക്ഷിക്കപ്പെടുകയും, അതിനുശേഷം അവൻ ശുശ്രൂഷിക്കുവാൻ ആരംഭിക്കുകയും ചെയ്യു.

### I. ശുശ്രൂഷയുടെ ആരംഭം

### A. യോഹന്നാൻ സ്നാപകനെ കാരാഗൃഹത്തിൽ അടച്ചതിനുശേഷം

വാക്യം 12 പറയുന്നു, "യോഹന്നാൻ ഏല്പിക്കപ്പെട്ടു എന്നു കേട്ടപ്പോൾ അവൻ ഗലീലയിലേക്ക് പിൻവാങ്ങി." യോഹന്നാൻ സ്നാപകൻ വിശുദ്ധനഗരത്തിലുള്ള വിശുദ്ധ ആലയത്തിലല്ല, പ്രത്യുത മരുഭൂമിയിൽ ശുശ്രൂഷിച്ചുവെങ്കിലും, അവൻ അപ്പോഴും "വിശുദ്ധ" കാര്യങ്ങൾ എന്നു വിളിക്കപ്പെടുന്നതിൽനിന്ന് അകലെയല്ലാത്ത യെഹൂദ്യയിലായിരുന്നു. ജനം യോഹന്നാനെ തിരസ്കരിച്ചതു നിമിത്തം കർത്താവായ യേശു തന്റെ ശുശ്രൂഷ തുടങ്ങുവാൻ വിശുദ്ധ ആലയത്തിൽനിന്നും വിശുദ്ധ നഗരത്തിൽനിന്നും വളരെ ദൂരെയുള്ള ഗലീലയിലേക്ക് പിൻവാങ്ങി. ഇത് യെശയ്യാവ് 9:1-2-ലെ പ്രവചനം നിറവേറുന്നതിന് സർവാധികാരപരമായി സംഭവിച്ചു.

മാനുഷിക ധാരണയനുസരിച്ച് യേശു യെരൂശലേമെന്ന വിശുദ്ധ നഗരത്തിലുള്ള വിശുദ്ധ ആലയത്തിൽനിന്ന് ശുശ്രൂഷിക്കുവാൻ തുടങ്ങണമായിരുന്നു. എന്നാൽ അവന്റെ മുൻഗാമിയായ യോഹന്നാൻ സ്നാപകൻ കാരാഗൃഹത്തിൽ അടയ്ക്കപ്പെട്ടു എന്ന വർത്തമാനം അവന്റെ അടുക്കൽ വന്നു. ഇത് പുതിയ രാജാവിന് യെരൂശലേം തിരസ്കരണത്തിന്റെ ഒരു സ്ഥലമായിത്തീർന്നിരിക്കുന്നുവെന്നതിന്റെ ഒരു സൂചനയായിരുന്നു; അതുകൊണ്ട്, അവൻ തന്റെ രാജകീയ ശുശ്രൂഷ അവിടെ തുടങ്ങുവാൻ പാടില്ല.

തന്റെ വ്യവസ്ഥയിൽ ഒരു സമ്പൂർണ്ണ മാറ്റം, പഴയ വ്യവസ്ഥയിൽനിന്നും പുതിയതിലേക്കുള്ള ഒരു മാറ്റം ഉണ്ടായിരിക്കുവാൻ ദൈവം ഇച്ഛിച്ചു. പഴയ വ്യവസ്ഥ ബാഹ്യമായ ഒരു മതത്തിലും, ബാഹ്യമായ ഒരു ആലയത്തിലും, ബാഹ്യമായ ഒരു നഗരത്തിലും, ബാഹ്യമായ ഒരു ആരാധനാസമ്പ്രദായത്തിലും കലാശിച്ചിരുന്നു. പഴയ വ്യവസ്ഥയിലുള്ള സകലതും ബാഹ്യമായ ഒരു രീതിയിൽ വ്യവസ്ഥിതപ്പെടുത്തിയിരുന്നു. ദൈവത്തിന്റെ പുതിയ വ്യവസ്ഥയിൽ, അവൻ അവയെയെല്ലാം ഉപേക്ഷിച്ചിട്ട് ഒരു പുതിയ തുടക്കം ഉണ്ടായിരുന്നു. ദൈവത്തിന്റെ സർവാധികാരത്തിൻകീഴിലുള്ള പരിതസ്ഥിതി ദൈവത്തിന്റെ വ്യവസ്ഥയിലുള്ള ഈ മാറ്റത്തിന് യോജിച്ചിരുന്നു. പുതിയ രാജാവിന്റെ ശുപാർശക്കാരനെ യെരൂശലേം തിരസ്കരിച്ചതുകൊണ്ട് അവിടെ തന്റെ ശുശ്രൂഷ ആരംഭിക്കരുതെന്ന് കർത്താവായ യേശു അറിഞ്ഞിരുന്നു. യെരൂശലേമിൽ അവന് യാതൊരു സ്വാഗതവും ഉണ്ടായിരുന്നില്ല.

പുതിയ രാജാവ് ദൈവപുത്രൻ ആയിരിക്കുകയും അവൻ ദൈവാത്മാവിനാൽ അഭിഷേകം ചെയ്യപ്പെടുകയും ചെയ്തെങ്കിലും, താൻ ശുശ്രൂഷിക്കുവാൻ എവിടെ പോകണമെന്നതിനെ സംബന്ധിച്ച് അവൻ പ്രാർഥിച്ചതായി ഇവിടെ നമ്മോടു പറഞ്ഞിട്ടില്ല. യെരൂശലേമിൽനിന്ന് അകലെ, വടക്കോട്ട് അവൻ നയിക്കപ്പെട്ടിരുന്നുവെന്ന ആഴമായ ബോധം അവനുണ്ടായിരുന്നുവെന്നും നമ്മോടു പറഞ്ഞിട്ടില്ല. മറിച്ച്, കർത്താവ് പരിതസ്ഥിതിയെ പരിഗണിക്കുകയും അതിൽനിന്ന് അവൻ എവിടെ പോകണമെന്ന വ്യക്തമായ സൂചന അവനു ലഭിക്കുകയും ചെയ്തു. നമ്മുടെ പരിതസ്ഥിതിയിൽനിന്നും യാതൊരു സൂചനയും നമുക്കാവശ്യമില്ല എന്ന മട്ടിൽ അത്ര ആത്മികരായിരിക്കുവാൻ നമുക്കു കഴിയുമെന്നു ചിന്തിക്കരുത്. പരിശുദ്ധാത്മാവിനാൽ അഭിഷേകം ചെയ്യപ്പെട്ട ദൈവപുത്രനായ സ്വർഗീയരാജ്യത്തിന്റെ രാജാവുപോലും പരിതസ്ഥിതിയുടെ സൂചനകൾക്കനുസരിച്ചു നീങ്ങി. കർത്താവിന്റെ ധാരണ സ്വാഭാവികമോ മതപരമോ ആയിരുന്നില്ല. കൂടാതെ, അത് കഴിഞ്ഞുപോയ ചരിത്രത്തിനനുസരിച്ചും ആയിരുന്നില്ല. ചരിത്രമനുസരിച്ച് അഭിഷിക്തനായ രാജാവെന്ന നിലയിൽ അവൻ യെരൂശലേം എന്ന തലസ്ഥാനത്തിലേക്കു പോകണമായിരുന്നു, കാരണം യെരൂശലേമാണ് രാജാവിന്റെ ശരിയായ സ്ഥലം. എന്നാൽ അവന്റെ ശുപാർശക്കാരനായ അവന്റെ മുൻഗാമിയെ കാരാഗൃഹത്തിൽ ഇട്ടതുകൊണ്ട് അവൻ ഗലീലയിലേക്കു പോയി. മാനുഷിക പ്രതീക്ഷയനുസരിച്ച് പുതുതായി അഭിഷേകം ചെയ്യപ്പെട്ട രാജാവ് തലസ്ഥാനം ഉപേക്ഷിക്കുകയും തന്റെ രാജകീയ ശുശ്രൂഷ ആരംഭിക്കുവാൻ നിന്ദിക്കപ്പെട്ട ഒരു പ്രദേശത്തേക്കു പോകുകയും ചെയ്യുന്നത്

പരിഹാസ്യമായിരുന്നു. ദാവീദ് സിംഹാസനസ്ഥനാക്കപ്പെട്ട ഇടമായ ഹെബ്രോനിലേക്ക് തെക്കോട്ടോ, അബ്രാഹാം ജീവിച്ചിരുന്നിടമായ ബേർശേബയിലേക്കോപോലും അവൻ പോയില്ല. അവൻ ഗലീലയിലേക്കു പോയി.

യോഹന്നാൻ സ്നാപകനെ കാരാഗൃഹത്തിലടച്ചശേഷമുള്ള കർത്താവിന്റെ നീക്കത്തെ പരിഗണിക്കുന്നതിലൂടെ, അമാനുഷികമായി ആത്മികരാകുവാൻ ശ്രമിക്കരുതെന്ന് നാം പഠിക്കണം. ആ രീതിയിൽ യേശു ആത്മികനായിരുന്നില്ല. കഴിഞ്ഞുപോയ ചരിത്രത്തിനോ മാനുഷികമായ ധാരണയ്ക്കോ അനുസരിച്ച് പോകരുതെന്നും നാം പഠിക്കണം. ചരിത്രവും മാനുഷിക ധാരണയുമനുസരിച്ച് യെഹൂദന്മാരുടെ രാജാവ് യെരൂശലേമിൽ സിംഹാസനത്തിലിരിക്കണം. എന്നാൽ യേശു തികച്ചും ആത്മിക നടത്തിപ്പനുസരിച്ച് നീങ്ങുകയോ, അവൻ കഴിഞ്ഞ കാലത്തെ ചരിത്രമനുസരിച്ചോ സ്വാഭാവിക ധാരണയനുസരിച്ചോ നീങ്ങുകയോ ചെയ്തില്ല. മറിച്ച്, അവൻ ദൈവത്തിന്റെ വ്യവസ്ഥയോടു ബന്ധപ്പെട്ട പരിതസ്ഥിതിക്കനുസരിച്ചു നീങ്ങി. അങ്ങനെ ചെയ്യുന്നതിലൂടെ അവൻ യെശയ്യാവ് 9:1-2-ലെ പ്രവചനം സ്വമേധയാ നിവർത്തിച്ചു. ആത്മാവിനെ പിന്തുടരുന്നതിനുപകരം പ്രത്യക്ഷത്തിൽ പരിതസ്ഥിതിക്കനുസരിച്ച് കർത്താവു നീങ്ങിയെങ്കിലും അവന്റെ നീക്കം തിരുവെഴുത്തുകളിലെ പ്രവചനത്തിന്റെ ഒരു നിറവേറലായിരുന്നു.

കർത്താവിനോടുകൂടെ നീങ്ങുന്നതിൽ നാം രണ്ട് കടന്ന അറ്റങ്ങൾ ഒഴിവാക്കണം. ഒന്നാമത്തെ കടന്ന അറ്റം അമാനുഷികതയുടെ അറ്റമാണ്. തങ്ങൾക്ക് ആത്മാവുള്ളതുകൊണ്ട് അവരുടെ പരിതസ്ഥിതിയെ പരിഗണിക്കേണ്ട ആവശ്യമില്ലെന്ന് ചിലർ അവകാശപ്പെടുന്നു. മറ്റേ അറ്റം ചരിത്രത്തിനും സ്വാഭാവിക ചായ്‌വിനും, സ്വാഭാവിക ധാരണയ്ക്കും വളരെക്കൂടുതൽ ശ്രദ്ധ നൽകുന്നതാണ്. എന്നാൽ മത്തായി 4-ൽ പുതിയ രാജാവ് കേവലം ആത്മിക നടത്തിപ്പ് എന്നു പറയപ്പെടുന്നതിനനുസരിച്ചോ, ചരിത്രത്തിനോ, സ്വാഭാവിക ചായ്‌വനുസരിച്ചോ നീങ്ങിയില്ല. മറിച്ച്, പരിതസ്ഥിതിയിലുള്ള സൂചനകളനുസരിച്ച് ദൈവത്തിന്റെ വ്യവസ്ഥയോടുകൂടെ നീങ്ങി. ഇരുട്ടിലും മരണത്തിന്റെ ദേശത്തിലും നിഴലിലും ഇരിക്കുന്നവരുടെമേൽ വലിയ വെളിച്ചമായി പ്രകാശിക്കുവാൻ അവൻ സെബൂലൂന്റെയും നഫ്താലിയുടെയും ദേശമായ ഗലീലയിലേക്ക് പോയി (4:15-16).

യോഹന്നാൻ സ്നാപകനോ കർത്താവായ യേശുവിനോ സംഭവിച്ചതൊന്നും ആകസ്മികമായിരുന്നില്ല. മുപ്പതു വയസ്സായപ്പോൾ യോഹന്നാൻ ശുശ്രൂഷിക്കുവാൻ വന്നപ്പോൾ അവൻ വളരെ ധൈര്യമുള്ളവനായിരുന്നു. ഇത് അവനെ കാരാഗൃഹത്തിലടക്കുന്നതിന് അധികകാലം മുമ്പുള്ള കാര്യമല്ല. യോഹന്നാൻ

സ്നാപകനെ കാരാഗൃഹത്തിലടയ്ക്കുവാൻ കഴിഞ്ഞുവെന്നത് വിശ്വസിക്കുവാൻ നിങ്ങൾക്കു പ്രയാസമായിരിക്കാം. ഇതിന് യാതൊരു കാരണവും ഇല്ലെന്നു തോന്നാം. ഒരിക്കൽക്കൂടെ പറയട്ടെ, അവനെ കാരാഗൃഹത്തിലടച്ചത് പരിതസ്ഥിതി മൂലമായിരുന്നു. യോഹന്നാനെ കാരാഗൃഹത്തിലടച്ചത് യെഹൂദ നേതാക്കന്മാരാലല്ല, ഹെരോദാ രാജാവിനാലായിരുന്നു. എങ്കിലും, മതപരമായ ശക്തിയും രാഷ്ട്രീയ ശക്തിയും, യെഹൂദ മതവും, റോമാ ഭരണകൂടവും ദൈവോദ്ദേശ്യത്തിന്റെ നിർവഹണത്തിനുവേണ്ടി യോജിച്ചു പ്രവർത്തിച്ചു. യോഹന്നാൻ സ്നാപകൻ ആ സമയത്ത് കാരാഗൃഹത്തിൽ അടയ്ക്കപ്പെട്ടുവെന്നത് ദൈവത്തിന്റെ വ്യവസ്ഥയനുസരിച്ച് സർവാധികാരപരമായിരുന്നു. ഇതിനുള്ള കാരണം ഏതു ശുപാർശാ ശുശ്രൂഷയും അവസാനിക്കേണ്ടതായ ഒരു സമയം വരും എന്നതാണ്. യോഹന്നാൻ സ്നാപകനെ കാരാഗൃഹത്തിൽ അടച്ചില്ലായിരുന്നുവെങ്കിൽ തന്റെ ശുശ്രൂഷ അവസാനിപ്പിക്കുന്നത് അവനു പ്രയാസമാകുമായിരുന്നു. യോഹന്നാൻ ശുപാർശക്കാരനായിരുന്നതുകൊണ്ട് അവന്റെ ശുശ്രൂഷ തുടരരുതായിരുന്നു. യോഹന്നാൻ മൂന്നാം അധ്യായത്തിൽ യോഹന്നാൻ സ്നാപകന്റെ ശിഷ്യന്മാർ പുതിയ രാജാവിന്റെ ശുശ്രൂഷയുമായി മത്സരത്തിലായിരുന്നുവെന്ന് നാം കാണുന്നു (വാ. 26). ശുപാർശക്കാരന്റെ ശുശ്രൂഷ രാജാവിന്റേതുമായി മത്സരിക്കുകയായിരുന്നു. അതുകൊണ്ട്, ശുപാർശക്കാരന്റെ ശുശ്രൂഷ അവസാനിപ്പിക്കപ്പെടണം; അതിനെ അവസാനിപ്പിക്കാനുള്ള ഏറ്റവും നല്ല മാർഗം യോഹന്നാനെത്തന്നെ കാരാഗൃഹത്തിലിടുന്നതും അവന്റെ തല ഛേദിക്കുവാൻപോലും അനുവദിക്കുന്നതുമായിരുന്നു.

ഇത് അനുവദിക്കാൻ മാത്രം ദൈവത്തിന് അത്ര ക്രൂരനായിരിക്കുവാൻ കഴിയുകയില്ലെന്ന് നിങ്ങൾ പറഞ്ഞേക്കാം. എന്നാൽ ചിലപ്പോൾ ഇതുപോലുള്ള കാര്യങ്ങൾ ദൈവം അനുവദിക്കുന്നു. ദൈവം നിങ്ങളെ കൊണ്ടുവരുകയും, നിങ്ങളെ ഒരുക്കുകയും, നിങ്ങളെ സംരചിക്കുകയും, നിങ്ങളെ യോഗ്യനാക്കുകയും, അതിനുശേഷം നിങ്ങളെ ഉപയോഗിക്കുകയും ചെയ്യുവെന്നതിന് സംശയമില്ല. എന്നാൽ അവൻ നിങ്ങളെ ഉപയോഗിച്ചതിനുശേഷം, "തടവറയിലേക്കു പോകുകയും അവിടെ വധിക്കപ്പെടുവാൻ കാത്തിരിക്കുകയും ചെയ്യുക" എന്ന് അവൻ നിങ്ങളോടു പറഞ്ഞേക്കാം. ഇത് ഉൾക്കൊള്ളുവാൻ നിങ്ങൾക്ക് കഴിയുമോ? "ഇത് മൊത്തത്തിൽ അനീതിയാണ്. ദൈവം ഇത് അനുവദിക്കരുത്" എന്ന് നിങ്ങൾ പറഞ്ഞേക്കാം. എന്നാൽ കഴിഞ്ഞ കാലങ്ങളിൽ ദൈവം ഇതേ കാര്യം പല പ്രാവശ്യം അനുവദിച്ചിട്ടുണ്ട്; ഇനിയും അനുവദിക്കുമെന്നും ഞാൻ വിശ്വസിക്കുന്നു. ഇത് നിങ്ങൾക്കു സംഭവിക്കുവാൻ അവൻ അനുവദിക്കുന്നുവെങ്കിൽ, നിങ്ങൾ "ആമേൻ" മാത്രം പറയണം. "ഞാൻ സേവിക്കുന്ന

സർവശക്തനായ കർത്താവായ ക്രിസ്തു ആണോ നീ? ആണെങ്കിൽ, തടവറയിൽനിന്ന് എന്നെ രക്ഷിക്കുവാൻ നീ എന്തുകൊണ്ട് എന്തെങ്കിലും ചെയ്യുന്നില്ല?" എന്നു ചോദിക്കേണ്ടതിന് ക്രിസ്തുവിനെ വെല്ലുവിളിക്കുവാൻ നിങ്ങളുടെ ചില ശിഷ്യന്മാരെ അയയ്ക്കരുത്. രാജാവു പറയും, "ഇതിൽനിന്ന് ഞാൻ നിന്നെ രക്ഷിക്കുകയില്ല. നീ മരിക്കണം. നീ അവസാനിപ്പിക്കപ്പെടണം. പുതിയ രാജാവ് സിംഹാസനത്തിൽ ഇരിക്കട്ടെ." പുതിയ രാജാവ് അവിടെ ഉണ്ടായിരുന്നതുകൊണ്ട് യോഹന്നാൻ സ്നാപകനും അവന്റെ ശുശ്രൂഷയും അവസാനിപ്പിക്കപ്പെട്ടു. പുതിയ രാജാവ് ഇവിടെ ഉള്ളപ്പോൾ യാതൊരു മത്സരവും ഉണ്ടായിരിക്കരുത്.

Wed

## B. ഗലീലയിൽനിന്നു തുടങ്ങുന്നു

പുതിയ രാജാവ് ശുശ്രൂഷ ആരംഭിച്ചത് വിശുദ്ധ നഗരത്തിലോ വിശുദ്ധ ആലയത്തിലോ അല്ല, ഗലീലയിൽ, ഗലീല കടൽക്കരയിലാണ്. അവന്റെ മുൻഗാമി മരുഭൂമിയിൽ നദിക്കരയിൽ ശുശ്രൂഷിച്ചു, എന്നാൽ ഇവൻ ഗലീലക്കടലിനരികെ തന്റെ ശുശ്രൂഷ ആരംഭിച്ചു. യെഹൂദന്മാരും ജാതികളും ഇടകലർന്ന ജനസമൂഹമുള്ള ഒരു സ്ഥലമായിരുന്നു ഗലീല. തന്മൂലം, "ജാതികളുടെ ഗലീല" എന്ന് അത് വിളിക്കപ്പെടുകയും, യാഥാസ്ഥിതികരായ യെഹൂദന്മാരാൽ നിന്ദിക്കപ്പെടുകയും ചെയ്തിരുന്നു (യോഹ. 7:41, 52). പുതുതായി നിയമിക്കപ്പെട്ട രാജാവ്, രാജ്യത്തിന്റെ തലസ്ഥാനമായ, യാഥാസ്ഥിതിക മതത്തിന്റെ കേന്ദ്രമായ, പവിത്രമായ ആലയത്തോടുകൂടിയ, കുലീനമായ യെരൂശലേമിൽനിന്നും വളരെ ദൂരെ ഇങ്ങനെയുള്ള നിന്ദിക്കപ്പെട്ട ഒരു സ്ഥലത്ത് സ്വർഗരാജ്യത്തിനു വേണ്ടിയുള്ള തന്റെ രാജകീയ ശുശ്രൂഷ ആരംഭിച്ചു. പുതുതായി അഭിഷേകം ചെയ്യപ്പെട്ട രാജാവ് ദാവീദിന്റെ ഭൗമിക രാജ്യത്തിൽനിന്നും (മശിഹൈക രാജ്യം) വ്യത്യസ്തമായ ഒരു സ്വർഗീയ രാജ്യത്തിനു വേണ്ടിയായിരുന്നുവെന്ന് ഇത് സൂചിപ്പിച്ചു. മാനസാന്തരത്തിൽ തന്റെ അടുക്കൽ വരുന്ന എല്ലാവരെയും അടക്കം ചെയ്യുവാൻ താൻ ഒരുക്കപ്പെട്ടിരുന്നതുകൊണ്ട് യോഹന്നാൻ സ്നാപകൻ നദിക്കരയിൽ ശുശ്രൂഷ ചെയ്തു. പുതിയ രാജാവ് ഗലീലക്കടലിനു ചുറ്റുവട്ടത്ത് ശുശ്രൂഷ ചെയ്തു. വേദപുസ്തകത്തിൽ യോർദ്ദാൻനദി അടക്കത്തെയും പുനരുത്ഥാനത്തെയും, അവസാനിപ്പിക്കലിനെയും മുളപ്പിക്കലിനെയും സൂചിപ്പിക്കുന്നു. എന്നാൽ ഗലീലക്കടൽ സാത്താനാൽ ദുഷിപ്പിക്കപ്പെട്ട ലോകത്തെ സൂചിപ്പിക്കുന്നു. അങ്ങനെ, യോർദ്ദാൻ അടക്കത്തിന്റെ ഒരു സ്ഥലവും, ഗലീലക്കടൽ ദുഷിപ്പിക്കപ്പെട്ട ലോകവും ആയിരുന്നു.

വചനത്തിന്റെ ഈ ഭാഗത്ത് യേശുവിനാൽ വിളിക്കപ്പെട്ട നാലു ശിഷ്യന്മാരുണ്ട്—പത്രൊസും, അന്ത്രെയാസും, യാക്കോബും

യോഹന്നാനും. ഈ നാലുപേരും എവിടെവച്ച് എപ്പോൾ രക്ഷിക്കപ്പെട്ടുവെന്ന് നിങ്ങൾക്കറിയാമോ? ഈ ചോദ്യത്തിനുള്ള ഉത്തരം യോഹന്നാൻ ഒന്നാം അധ്യായത്തിലുണ്ട്. യോഹന്നാൻ സ്നാപകൻ ശുശ്രൂഷിച്ചുകൊണ്ടിരിക്കുമ്പോൾ അന്ത്രെയാസ് കർത്താവായ യേശുവിന്റെ അടുക്കലേക്ക് കൊണ്ടുവരപ്പെട്ടു (യോഹ. 1:35-37, 40). പിന്നീട് അന്ത്രെയാസ് തന്റെ സഹോദരനായ പത്രൊസിനെ കണ്ടെത്തി അവനെ കർത്താവിലേക്കു നയിച്ചു (യോഹ. 1:40-42). കർത്താവ് പത്രൊസിനെ കണ്ടുമുട്ടിയപ്പോൾ ശിമോൻ എന്ന പേരിൽനിന്ന് അവന്റെ പേര് കേഫാവ് എന്നു മാറ്റി; അതിന്റെ അർഥം ഒരു കല്ല് എന്നാണ് (യോഹ. 1:42). അതുകൊണ്ട്, യോഹന്നാൻ ഒന്നാം അധ്യായത്തിൽ പത്രൊസും അന്ത്രെയാസും കർത്താവായ യേശുവിനെ കണ്ടുമുട്ടി. ആ സമയത്ത് യോർദ്ദാൻ നദിക്കരയിൽവച്ച് അവർ രക്ഷിക്കപ്പെട്ടുവെന്ന് ഞാൻ വിശ്വസിക്കുന്നു. ഇതേ കാര്യംതന്നെ യാക്കോബിനും യോഹന്നാനും സംഭവിച്ചു. യോഹന്നാൻ 1:35-ൽ പറഞ്ഞിരിക്കുന്ന യോഹന്നാൻ സ്നാപകന്റെ രണ്ടു ശിഷ്യന്മാരിൽ ഒരുവൻ അപ്പൊസ്തലനായ യോഹന്നാൻ ആയിരുന്നു. ഈ യോഹന്നാനും തന്റെ സഹോദരനായ യാക്കോബിനെ കർത്താവിലേക്കു കൊണ്ടുവന്നു. അതുകൊണ്ട് മത്തായി 4-ൽ പറഞ്ഞിരിക്കുന്ന നാലു ശിഷ്യന്മാർ യോഹന്നാൻ ഒന്നാം അധ്യായത്തിലെ യോർദ്ദാൻ നദിക്കരയിൽവച്ച് അവസാനിപ്പിക്കപ്പെട്ടവരും, മുളപ്പിക്കപ്പെട്ടവരും, രക്ഷിക്കപ്പെട്ടവരും ആയിരുന്നു. എങ്കിലും അവർക്ക് എന്തു സംഭവിച്ചുവെന്ന് ഒരുപക്ഷെ അവർ വ്യക്തമായി മനസ്സിലാക്കിയില്ല.

കർത്താവിന്റെ പരീക്ഷയ്ക്കുമുമ്പ്, യോഹന്നാൻ അപ്പോഴും യോർദ്ദാൻകരയിൽ ശുശ്രൂഷ ചെയ്തുകൊണ്ടിരുന്നപ്പോൾ ഇതെല്ലാം സംഭവിച്ചുവെന്ന് ഞാൻ വിശ്വസിക്കുന്നു. അതിനുശേഷം മീൻപിടിക്കുന്ന അവരുടെ ജോലി തുടരുവാൻ അവർ ഗലീലയിലേക്ക് മടങ്ങിപ്പോയി. നദിക്കരയിൽവച്ച് അവക്ക് എന്തു സംഭവിച്ചുവെന്ന് അവർ മറന്നുപോയിട്ടുണ്ടാകും. കടലിനു ചുറ്റുമുള്ള അവരുടെ തൊഴിലിലേക്ക് അവർ മടങ്ങിപ്പോയി. എന്നാൽ കർത്താവായ യേശു അവരെ മറന്നില്ല. തന്റെ പരീക്ഷയ്ക്കുശേഷം അവൻ തന്റെ ശുശ്രൂഷ ആരംഭിക്കുകയും അവരുടെ പിന്നാലെ വരുകയും ചെയ്തു. നമ്മുടെ കാര്യത്തിലും അങ്ങനെ തന്നെയായിരുന്നു. ആദ്യത്തെ പ്രാവശ്യം നാം കർത്താവിന്റെ അടുത്തു വന്നപ്പോൾ അവൻ നമുക്ക് നിരവധി കാര്യങ്ങൾ ചെയ്തു, എന്നാൽ അവയുടെ പ്രാധാന്യത്തെക്കുറിച്ച് നമുക്കൊരു തിരിച്ചറിവും ഉണ്ടായിരുന്നില്ല. ഒരുപക്ഷെ നിങ്ങളുടെ നദിക്കര കാനഡയിലോ ചൈനയിലോ ആയിരുന്നു. നദിക്കരയിൽ കർത്താവിനെ കണ്ടുമുട്ടിയശേഷം, നദിക്കരയിൽ കർത്താവു നിങ്ങൾക്കു ചെയ്തത് മറന്നുകൊണ്ട്, നിങ്ങൾ ഒരു ഉപജീവനത്തിന്, നിങ്ങളുടെ മീൻപിടിക്കുന്ന ജോലി ചെയ്യുവാൻ

ഗലീലക്കടലിലേക്കു വന്നു. നമ്മിൽ അനേകരും യോർദ്ദാൻ നദിക്കരയിൽവച്ച് കഴിഞ്ഞകാലത്ത് കർത്താവ് നമുക്കു ചെയ്തത് മറക്കുകയും, നമ്മുടെ ഗലീലക്കടലിനു ചുറ്റും, ദുഷിച്ചതും, പൈശാചികവും, സാത്താൻ ദുഷിപ്പിച്ചതുമായ ലോകത്തിൽ പണം ഉണ്ടാക്കുവാൻ നമ്മളാലാവോളം പ്രവർത്തിക്കുകയും ചെയ്തു. എന്നാൽ ഒരു ദിവസം, നമ്മെ ആശ്ചര്യപ്പെടുത്തിക്കൊണ്ട്, നദിക്കരയിൽവച്ച് നമ്മെ രക്ഷിച്ചവൻ, പുതിയതായി നിയമിക്കപ്പെട്ട രാജാവെന്ന നിലയിൽ നമ്മെ കണ്ടെത്തുകയെന്ന ഉദ്ദേശ്യത്തോടെ നമ്മുടെ ഗലീലക്കടലിലേക്കു വന്നു.

## C. ഇരുട്ടിൽ പ്രകാശിക്കുന്ന ഒരു വലിയ വെളിച്ചമായി

നമ്മുടെ ഗലീലക്കടലിലേക്ക് കർത്താവു വന്നപ്പോൾ അവനിൽ എന്തോ ഒരു വ്യത്യാസം ഉണ്ടായിരുന്നു. യോഹന്നാൻ ഒന്നാം അധ്യായത്തിൽ ക്രിസ്തുവിന്റെ ശുപാർശക്കാരൻ പ്രഖ്യാപിച്ചു, "ഇതാ, ദൈവത്തിന്റെ കുഞ്ഞാട്!" ക്രിസ്തു ദൈവത്തിന്റെ കുഞ്ഞാടാണെന്ന് യോഹന്നാൻ പ്രഖ്യാപിച്ചപ്പോൾ, അവന്റെ ശിഷ്യന്മാരിൽ രണ്ടുപേരായ അന്ത്രെയാസും അപ്പൊസ്തലനായ യോഹന്നാനും കർത്താവായ യേശുവിനെ അനുഗമിച്ചു. നാം കണ്ടതുപോലെ ഒടുവിൽ അന്ത്രെയാസിന്റെ സഹോദരനായ പത്രൊസും, യോഹന്നാന്റെ സഹോദരനായ യാക്കോബും കർത്താവിലേക്കു കൊണ്ടുവരപ്പെടുകയും രണ്ടുപേരും രക്ഷിക്കപ്പെടുകയും ചെയ്തു. രക്ഷിക്കപ്പെടുന്നത് മനോഹരമാണെങ്കിലും, അവർ പിന്നീട് അവരുടെ അനുഭവം മറന്നുപോയി. നമ്മിൽ പലരും ഇതേ കാര്യം ചെയ്തു. ഒരുപക്ഷെ നിങ്ങൾ പറഞ്ഞുകാണും, "യോർദ്ദാൻ നദിക്കരയിൽവച്ച് എന്തായിരുന്നു സംഭവിച്ചത്? അത് നിസാരമായിരുന്നു! നമ്മെ വെള്ളത്തിലേക്ക് ഇടുകയും നാം ദൈവത്തിന്റെ കുഞ്ഞാടെന്നു വിളിക്കപ്പെട്ടിരുന്ന ഒരു നസറായനെ കണ്ടുമുട്ടുകയും ചെയ്തു. എന്നാൽ ഇപ്പോൾ നമുക്ക് ഒരു ഉപജീവനം ഉണ്ടാക്കേണ്ടത് ആവശ്യമാണ്. നമ്മുടെ ജോലിയിലേക്ക് നമുക്ക് മടങ്ങിപ്പോകാം. നമുക്ക് മീൻപിടിക്കുന്നതും വല നന്നാക്കുന്നതുമായ ധാരാളം ജോലിയുണ്ട്." എന്നിരുന്നാലും രാജാവിന് അവന്റെ ലക്ഷ്യമുണ്ട്: അവന് പത്രൊസിനെയും, അന്ത്രെയാസിനെയും, യാക്കോബിനെയും, യോഹന്നാനെയും ആവശ്യമുണ്ടായിരുന്നതുപോലെ നിങ്ങളെയും ആവശ്യമുണ്ട്. അങ്ങനെ, ഒരു ഉപജീവനത്തിനായി ജോലി ചെയ്തുകൊണ്ടിരുന്ന ഈ നാലു മനുഷ്യർ ഇരുന്ന അതേ ഇടത്ത് പെട്ടെന്ന് ദൈവത്തിന്റെ കുഞ്ഞാട് പ്രത്യക്ഷനായി. എന്നാൽ ഇത്തവണ അവൻ കുഞ്ഞാടായല്ല വന്നത്, ഒരു വലിയ വെളിച്ചമായി വന്നു.

വാക്യം 16 പറയുന്നു, "ഇരുട്ടിൽ ഇരിക്കുന്ന ജനം വലിയോരു വെളിച്ചം കണ്ടു: മരണത്തിന്റെ ദേശത്തിലും നിഴലിലും

ഇരിക്കുന്നവർക്ക് വെളിച്ചം ഉദിച്ചു." യോഹന്നാൻ സ്നാപകൻ ജ്വലിച്ചു പ്രകാശിക്കുന്ന ഒരു വിളക്കായിരുന്നു (യോഹ. 5:35). എന്നാൽ ഈ പുതിയ രാജവ് വെളിച്ചമായിരുന്നു. വാസ്തവത്തിൽ അവൻ വെളിച്ചം മാത്രമായിരുന്നില്ല, പിന്നെയോ വലിയോരു വെളിച്ചമായിരുന്നു. ഒരു ഉപജീവനത്തിനായി ഗലീലക്കടലിൽ പത്രൊസും, അന്ത്രെയാസും, യാക്കോബും, യോഹന്നാനും ജോലി ചെയ്തുകൊണ്ടിരുന്നപ്പോൾ അവർ ഇരുട്ടിലായിരുന്നുവെന്ന് അവർ മനസ്സിലാക്കിയില്ല. അവർ മരണനിഴലിലായിരുന്നു. ഇത് ഇന്നത്തെ സാഹചര്യത്തിന്റെ ഒരു ചിത്രമാണ്. ചില നദിക്കരയിൽവച്ച് അനേകം ക്രിസ്ത്യാനികൾ കർത്താവായ യേശുവിനെ കണ്ടുമുട്ടുകയും രക്ഷിക്കപ്പെടുകയും ചെയ്തു. എന്നാൽ പിന്നീട് അവർ ആ അനുഭവത്തിന് ശ്രദ്ധ നൽകിയില്ല; മറിച്ച് അവർ ഒരു ഉപജീവനത്തിനുവേണ്ടി കരുതി. അതുകൊണ്ട്, ഉപജീവനത്തിനുവേണ്ടി അവർ ഗലീലക്കടലിലേക്ക് പോയി. ഒരു ഉപജീവനത്തിനുവേണ്ടി ഗലീലക്കടലിലേക്കു പോയതിലൂടെ അവർ ഇരുട്ടിലേക്കും മരണത്തിന്റെ നിഴലിലേക്കും പ്രവേശിച്ചു എന്ന് അവർ അറിഞ്ഞില്ല. ലോസ് ആഞ്ചലസും, ന്യൂയോർക്കും, ഷിക്കാഗോയും പോലുള്ള നഗരങ്ങളിൽ ഒരു ഉപജീവിനത്തിനുവേണ്ടി അധ്വാനിക്കുന്നവർ ഇരുട്ടിലും, മരണത്തിന്റെ ദേശത്തിലും നിഴലിലും ആണ്. പുതിയ രാജാവ് യെരൂശലേമിൽ തുടരാത്തതിനായി കർത്താവിനെ സ്തുതിക്കുന്നു! അവൻ ഗലീലക്കടലിലേക്കു വന്നു; നമ്മെ പിടിക്കുവാൻ അന്വേഷിച്ചുകൊണ്ട് കടൽക്കരയിൽ നടന്നുകൊണ്ട് അവൻ ഇന്നും ഗലീലക്കടലിലേക്ക് വന്നുകൊണ്ടിരിക്കുന്നു. ഇത്തവണ അവൻ വരുന്നത് ഒരു ചെറിയ കുഞ്ഞാടായല്ല, മറിച്ച് ഒരു വലിയ വെളിച്ചമായാണ്. പത്രൊസും അന്ത്രെയാസും കടലിലേക്ക് വലയെറിഞ്ഞുകൊണ്ടിരുന്നപ്പോൾ ഈ വലിയ വെളിച്ചം അവരുടെമേൽ പ്രകാശിച്ചു. അവരുടെമേൽ പ്രകാശിച്ചുകൊണ്ട് അവൻ അവിടെ നിന്നപ്പോൾ അവൻ പറഞ്ഞുകാണും, "പത്രൊസേ, അന്ത്രെയാസേ, ഇവിടെ നിങ്ങൾ എന്താണു ചെയ്യുന്നത്? യോർദ്ദാൻ നദിക്കരയിൽവച്ച് ഞാൻ നിങ്ങളെ കണ്ടുമുട്ടിയത് നിങ്ങൾ ഓർക്കുന്നില്ലേ? പത്രൊസേ, ഞാൻ നിന്റെ പേരു മാറ്റിയത് നീ ഓർക്കുന്നില്ലേ?" ആ ദിവസം ഗലീലക്കടലരികെ ഒരു വലിയ വെളിച്ചം അവരുടെമേൽ പ്രകാശിക്കുകയായിരുന്നു.

നമ്മുടെ അനുഭവം അവരുടേതുപോലെ തന്നെയായിരുന്നു. യോർദ്ദാൻ നദിക്കരയിൽവച്ച് നാം രക്ഷിക്കപ്പെട്ടു. എന്നാൽ പിന്നീട് എന്തു സംഭവിച്ചുവെന്ന് നാം മറക്കുകയും ഉപജീവനത്തിനുവേണ്ടി ഗലീലക്കടലിലേക്കു പോകുകയും ചെയ്തു. നമ്മുടെ ഉപജീവനത്തിനുവേണ്ടി നാം അവിടെ ജോലി ചെയ്തുകൊണ്ടിരിക്കുമ്പോൾ യോർദ്ദാൻ നദിക്കരയിൽ നാം കണ്ടുമുട്ടിയ ദൈവത്തിന്റെ കുഞ്ഞാടായവൻ നമ്മുടെമേൽ പ്രകാശിക്കുന്നതിന് ഒരു വലിയ

വെളിച്ചമായി വന്നു. അവൻ നമ്മുടെമേൽ പ്രകാശിച്ചുകൊണ്ടിരുന്നപ്പോൾ അവൻ ചോദിച്ചു, "അവിടെ നീ എന്തു ചെയ്യുകയാണ്?" ഒരു ദിവസം ഇത് എനിക്കു സംഭവിച്ചുവെന്ന് എനിക്ക് സാക്ഷ്യപ്പെടുത്തുവാൻ കഴിയും. നല്ലൊരു ഉപജീവനം സമ്പാദിച്ചുകൊണ്ട് ഗലീലക്കടലിനരികെ ഞാൻ ജോലി ചെയ്തുകൊണ്ടിരുന്നപ്പോൾ പെട്ടെന്ന് ഒരു വെളിച്ചം എന്റെമേൽ പ്രകാശിക്കുകയും, "നീ ഇവിടെ എന്താണു ചെയ്യുന്നത്? നദിക്കരയിൽവച്ച് എന്തു സംഭവിച്ചുവെന്ന് നീ ഓർക്കുന്നില്ലേ? നീ ഓർക്കുന്നില്ലായിരിക്കാം, എന്നാൽ ഞാൻ ഓർക്കുന്നു." അപ്പോൾ "എന്നെ അനുഗമിക്കുക" എന്ന വിളി വരുകയും ഞാൻ അവനെ അനുഗമിക്കുകയും ചെയ്തു. തത്ത്വത്തിൽ നമ്മിൽ വളരെയധികംപേർക്കും ഇത്തരം അനുഭവം ഉണ്ടായിട്ടുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു. ദൈവത്തിന്റെ കുഞ്ഞാടിനാൽ നദിക്കരയിൽവച്ച് നിങ്ങൾ രക്ഷിക്കപ്പെട്ടു, എന്നാൽ വലയൊരു വെളിച്ചത്തിന്റെ പ്രകാശത്താൽ ഗലീലക്കടൽക്കരയിൽവച്ച് നിങ്ങളെ വിളിച്ചു. നദിക്കരയിൽ സംഭവിച്ചതിനെക്കുറിച്ച് മറക്കാൻ എളുപ്പമാണെങ്കിലും, ഗലീലക്കടൽക്കരയിൽവച്ച് നിങ്ങളുടെമേൽ വലിയ വെളിച്ചം പ്രകാശിച്ച സമയത്തെ നിങ്ങൾക്ക് മറക്കുവാൻ കഴിയില്ല.

വിവരണം വളരെ ലളിതമാണെങ്കിലും, യഥാർഥ ചരിത്രം അത്ര ലളിതമല്ല. കർത്താവു നിങ്ങളെ വിളിക്കുന്നത് ലളിതമായ ഒരു കാര്യമായിരുന്നില്ല. ഒന്നാമത്, അവന് നിങ്ങളെ ഒരു നദിക്കരയിൽ കണ്ടുമുട്ടണമായിരുന്നു. പിന്നീട്, ഒരു കടൽക്കരയിൽവച്ച് അവന് നിങ്ങളുടെ അടുക്കൽ വരണമായിരുന്നു. ഒരു ദിവസം നിങ്ങൾ ജോലി ചെയ്തുകൊണ്ടിരിക്കുമ്പോൾ, നിങ്ങൾ ഇരുന്നിരുന്ന മുറി പ്രകാശിക്കുകയും ഒരു വലിയ വെളിച്ചം നിങ്ങളുടെമേൽ ശോഭിക്കുകയും, കർത്താവ് നിങ്ങളോട്, "ഓരോ ദിവസവും നീ ഇവിടെ എന്താണ് ചെയ്തുകൊണ്ടിരിക്കുന്നത്?" എന്നു ചോദിക്കുകയും ചെയ്തു. ചില സഹോദരന്മാർക്ക് ഇതു സംഭവിച്ചപ്പോൾ, അവരുടെ പേന വലിച്ചെറിഞ്ഞുകൊണ്ട് പറഞ്ഞു, "ഞാൻ ഇവിടെ എന്താണു ചെയ്യുന്നത്?" അപ്പോൾ കർത്താവ് ചോദിച്ചു, "നദിക്കരയിൽവച്ച് ഞാൻ നിനക്ക് എന്തു ചെയ്തുവെന്ന് നീ ഓർക്കുന്നില്ലയോ? ഇപ്പോൾ നീ എന്നെ അനുഗമിക്കണം." വസ്തുനിഷ്ഠമായ ഒരു രീതിയിൽ മാത്രം മത്തായി 4-ലെ വിവരണം വായിക്കരുത്. നാം ഈ അധ്യായവും മുഴുവൻ വേദപുസ്തകവും നമ്മോടുതന്നെ പ്രയോഗിച്ചുകൊണ്ട് അനുഭവനിഷ്ഠമായ ഒരു രീതിയിൽ വായിക്കണം. നമ്മിൽ അനേകർക്കും രണ്ടു സ്ഥലങ്ങളിലുള്ള—നദിക്കരയിലും കടൽക്കരയിലുമുള്ള—അനുഭവങ്ങൾ ഉണ്ടായിട്ടുണ്ട്!

സ്വർഗരാജ്യത്തിനു വേണ്ടിയുള്ള പുതിയ രാജാവിന്റെ ശുശ്രൂഷ ഭൗമിക ശക്തിയോടു കൂടെയല്ല, സ്വർഗീയ വെളിച്ചത്തോടു

കൂടെയാണ് ആരംഭിച്ചത്; അത് മരണനിഴലിൽ പ്രകാശിക്കുന്ന ജീവന്റെ വെളിച്ചമായ രാജാവു തന്നെയായിരുന്നു. വെളിച്ചമായി കർത്താവ് ശുശ്രൂഷ ആരംഭിച്ചപ്പോൾ, അവൻ ശക്തിയുടെയോ അധികാരത്തിന്റെയോ യാതൊരു പ്രദർശനവും നടത്തിയില്ല. ഒരു സാധാരണ വ്യക്തിയെപ്പോലെ അവൻ കടൽക്കരയിൽ ക്കൂടി നടന്നു. എന്നാൽ അവൻ ഗലീലക്കടലിനരികെ ആ നാലു ശിഷ്യന്മാരുടെ അടുക്കൽ വന്നപ്പോൾ, ഇരുട്ടിലും മരണനിഴലിന്റെ ദേശത്തിലും പ്രകാശിച്ചുകൊണ്ട് അവൻ ഒരു വലിയ വെളിച്ചംപോലെ അവരുടെമേൽ പ്രകാശിച്ചു. ആ ഘട്ടത്തിൽ പത്രൊസും, അന്ത്രെയാസും, യാക്കോബും, യോഹന്നാനും പ്രകാശിപ്പിക്കപ്പെ ടുകയും ആകർഷിക്കപ്പെടുകയും ചെയ്തു. യോഹന്നാൻ സ്നാപകൻ ഒരു വലിയ കാന്തമായിരുന്നുവെന്ന് ഞങ്ങൾ ചൂണ്ടിക്കാണിച്ചി രുന്നു. എന്നാൽ കർത്താവായ യേശു എല്ലാ കാന്തങ്ങളെക്കാളും വലിയ കാന്തമാണ്. ആ നാലു ശിഷ്യന്മാരുടെമേൽ അവൻ പ്രകാശിച്ചപ്പോൾ, അവർ ആകർഷിക്കപ്പെടുകയും പിടിക്കപ്പെടുകയും ചെയ്തു. അവർ പെട്ടെന്ന് അവരുടെ ജോലികൾ ഉപേക്ഷിക്കുകയും ഈ ചെറിയ നസറായനെ അനുഗമിക്കുകയും ചെയ്തു.

ലൂക്കൊസ് 5-ലെപ്പോലെ, പത്രൊസിനെ വിളിച്ചപ്പോൾ കർത്താവ് എന്തെങ്കിലും അത്ഭുതം ചെയ്തുവെന്നുള്ള യാതൊരു വിവരണവും മത്തായി 4-ൽ ഇല്ല. എങ്കിലും, മത്തായി 4-ൽ ആദ്യത്തെ നാലു ശിഷ്യന്മാരെ ആകർഷിച്ച വലിയ വെളിച്ചം ഉണ്ടായിരുന്നു. ഈ ആകർഷണം കർത്താവു ചെയ്തതിൽനിന്നല്ല വന്നത്; അവൻ ആയിരുന്നതിൽ നിന്നായിരുന്നു അതു വന്നത്. ജനത്തെ ആകർഷിക്കുവാനും അവരെ പിടിക്കുവാനും ശക്തിയുള്ള ഒരു വലിയ വെളിച്ചം, ഒരു വലിയ കാന്തം ആയിരുന്നു അവൻ. ഈ രീതിയിൽ അവൻ ആദ്യത്തെ നാലു ശിഷ്യന്മാരെ ആകർഷിക്കുകയും പിടിക്കുകയും ചെയ്തു. കർത്താവ് ചെയ്തതു നിമിത്തം അവനെ അനുഗമിക്കുന്ന ആർക്കും വിശ്വാസയോഗ്യരോ വിശ്വസ്തരോ ആയിരിക്കുവാൻ കഴിയുകയില്ല. വിശ്വാസയോഗ്യർ കർത്താവ് താൻ ആയിരിക്കുന്നതിനാൽ പിടിക്കപ്പെട്ടവരാണ്. പത്രൊസും, അന്ത്രെയാസും, യാക്കോബും, യോഹന്നാനും കടൽക്കരയിൽവച്ച് ആകർഷിക്കപ്പെടുകയും പിടിക്കപ്പെടുകയും ചെയ്തിരുന്നത് കർത്താവ് എന്തെങ്കിലും ചെയ്തതു കണ്ടിട്ടല്ല, മറിച്ച് കർത്താവ് എന്തായിരുന്നു എന്നു മനസ്സിലാക്കിയതിനാലാണ്. അവർ ആകർഷിക്കപ്പെടുകയും പിടിക്കപ്പെടുകയും ചെയ്തതുകൊണ്ട് അവർ അന്ത്യത്തോളം കർത്താവിന്റെ വിശ്വസ്തരായ അനുയായിക ളായിത്തീർന്നു. ഒടുവിൽ സ്വർഗീയരാജ്യത്തിന്റെ രാജാവിനെ അവർ അനുഗമിച്ചതുകൊണ്ട് അവരെല്ലാവരും രക്ഷസാക്ഷികളായി.

കൂടാതെ, കർത്താവായ യേശു ഈ നാലു ശിഷ്യന്മാരെ വിളിച്ചപ്പോൾ അവൻ ഒരു പ്രസ്ഥാനമോ ഒരു വിപ്ലവമോ തുടങ്ങിയില്ല.

മറിച്ച്, സ്വർഗരാജ്യം സ്ഥാപിക്കുന്നതിനുവേണ്ടി അവൻ ശിഷ്യന്മാരെ തന്നിലേക്ക് ആകർഷിച്ചു.

## D. സ്വർഗരാജ്യത്തിനുവേണ്ടി മാനസാന്തരം പ്രസംഗിക്കുന്നു

വാക്യം 17 പറയുന്നു, "ആ സമയം മുതൽ യേശു, മാനസാന്തരപ്പെടുവിൻ, എന്തെന്നാൽ സ്വർഗരാജ്യം സമീപിച്ചിരിക്കുന്നു എന്നു പ്രഖ്യാപിക്കുവാനും പറയുവാനും തുടങ്ങി." പുതിയ രാജാവ് തന്റെ മുൻഗാമിയായ യോഹന്നാൻ സ്നാപകന്റെ പ്രസംഗം, അതായത്, രാജ്യത്തിന്റെ സുവിശേഷത്തിനുള്ള പ്രാഥമികമെന്ന നിലയിൽ സ്വർഗരാജ്യത്തിനു വേണ്ടിയുള്ള മാനസാന്തരപ്രസംഗം തുടർന്നു.

## E. നാലു ശിഷ്യന്മാരെ വിളിക്കുന്നു

### *1. പത്രൊസും അന്ത്രെയാസും*

വാക്യം 18 പറയുന്നു, "അവൻ ഗലീലക്കടലിനരികെ നടക്കുമ്പോൾ പത്രൊസ് എന്നു വിളിക്കപ്പെടുന്ന ശീമോൻ, അവന്റെ സഹോദരനായ അന്ത്രെയാസ് എന്നീ രണ്ടു സഹോദരന്മാർ കടലിലേക്ക് വല വീശുന്നതു കണ്ടു, അവർ മീൻപിടിക്കുന്നവരായിരുന്നു." പുതിയ രാജാവിന്റെ ശുശ്രൂഷ തലസ്ഥാനത്തല്ല, കടൽക്കരയിലായിരുന്നു. നദീതീരത്ത് ആരംഭിച്ച അവന്റെ മുൻഗാമിയുടെ ശുശ്രൂഷയിൽ, മതഭക്തരായ ആളുകളെ അടക്കംചെയ്യുന്നതും അവരുടെ മതത്തെ അവസാനിപ്പിക്കുന്നതും ഉൾപ്പെട്ടു. കടൽത്തീരത്ത് ആരംഭിച്ച പുതിയ രാജാവിന്റെ ശുശ്രൂഷയിൽ, അത്രയേറെ മതഭക്തിയില്ലാത്തവരും, വിശുദ്ധസ്ഥലത്തിനുപകരം കടലിനുചുറ്റും ജീവിച്ചിരുന്നവരുമായ മനുഷ്യരെ പിടിക്കുന്നതും സ്വർഗരാജ്യം സ്ഥാപിക്കുന്നതിനുവേണ്ടി അവരെ മനുഷ്യരെ പിടിക്കുന്നവരാക്കുന്നതും ഉൾപ്പെട്ടു.

19-ഉം 20-ഉം വാക്യങ്ങൾ പറയുന്നു, "അവൻ അവരോട്, എന്റെ പിന്നാലെ വരിക, ഞാൻ നിങ്ങളെ മനഷ്യരെ പിടിക്കുന്നവരാക്കും എന്നു പറഞ്ഞു. ഉടനെ വലകൾ വിട്ട്, അവർ അവനെ അനുഗമിച്ചു." ഒരു യുവാവെന്ന നിലയിൽ വചനത്തിന്റെ ഈ ഭാഗം ഞാൻ വായിച്ചപ്പോൾ, "എന്നെ അനുഗമിക്കുക" എന്നു പറഞ്ഞ ഒരു നസറായനെ എന്തുകൊണ്ട് ഈ മുക്കുവർ പെട്ടെന്ന് അനുഗമിച്ചു എന്ന് എനിക്ക് മനസ്സിലാക്കുവാൻ കഴിഞ്ഞില്ല. അവർ തങ്ങളിൽത്തന്നെ മതിമറന്നുപോയതായിരിക്കാം എന്നു ഞാൻ ചിന്തിച്ചു. എന്നാൽ അനേകം വർഷം വചനം വായിക്കുകയും എന്റെ അനുഭവത്തെ പരിഗണിക്കുകയും ചെയ്തതിനുശേഷം ഞാൻ മനസ്സിലാക്കുവാൻ ആരംഭിച്ചു. യോഹന്നാൻ സ്നാപകന്റെ രണ്ടു ശിഷ്യന്മാരിൽ ഒരുവനായിരുന്ന അന്ത്രെയാസ് യോഹന്നാൻ പ്രസംഗിച്ചുകൊണ്ടിരുന്ന സ്ഥലത്ത്, ഇതിനുമുമ്പ് പത്രൊസിനെ

കർത്താവിന്റെ അടുക്കൽ കൊണ്ടുവന്നിരുന്നു (യോഹ. 1:35-36, 40-42). അന്നായിരുന്നു അവർ കർത്താവിനെ ആദ്യമായി കണ്ടുമുട്ടിയത്. ഇവിടെ കർത്താവ് അവരെ രണ്ടാമത് കണ്ടുമുട്ടി; ഇത്തവണ അത് ഗലീലക്കടലിൽ വച്ചായിരുന്നു. മരണത്തിന്റെ ഇരുട്ടിൽ വലിയ വെളിച്ചമായി അവർ കർത്താവിനാൽ ആകർഷിക്കപ്പെടുകയും ജീവന്റെ വെളിച്ചത്തിൽ സ്വർഗരാജ്യത്തിന്റെ സ്ഥാപനത്തിനുവേണ്ടി അവനെ അനുഗമിക്കുകയും ചെയ്തു.

കർത്താവ് പത്രൊസിനെയും അന്ത്രെയാസിനെയും വിളിച്ചപ്പോൾ അവർ കടലിലേക്ക് വല വീശുകയായിരുന്നു. അവനെ അനുഗമിക്കുവാൻ കർത്താവ് അവരെ വിളിക്കുകയും അവരെ മനുഷ്യരെ പിടുക്കുന്നവരാക്കുമെന്ന് വാഗ്ദാനം ചെയ്യുകയും ചെയ്തു. മനുഷ്യരെ പിടിക്കുന്നവരാകുവാൻ അവർ വല വിട്ട് സ്വർഗരാജ്യത്തിന്റെ രാജാവിനെ അനുഗമിച്ചു. ഒടുവിൽ പെന്തക്കോസ്ത് നാളിൽ സ്വർഗരാജ്യം സ്ഥാപിക്കുന്നതിനുവേണ്ടി പത്രൊസ് ആദ്യത്തെ മഹാ മനുഷ്യ-പിടിത്തക്കാരനായിത്തീർന്നു (പ്രവൃ. 2:37-42; 4:4).

## *2. യാക്കോബും യോഹന്നാനും*

ഇതേ കാര്യം യാക്കോബിനും യോഹന്നാനും സംഭവിച്ചു (മത്താ. 4:21-22). കർത്താവ് അവരെ വിളിച്ചപ്പോൾ, അവർ പടകിൽ വല നന്നാക്കുകയായിരുന്നു. കർത്താവു വിളിച്ചപ്പോൾ അവർ പടകിനെയും അവരുടെ അപ്പനെയും വിട്ട് അവനെ അനുഗമിച്ചു. പത്രൊസിനെയും അന്ത്രെയാസിനെയുംപോലെ യോഹന്നാനും അവന്റെ സഹോദരനും കർത്താവിനാൽ ആകർഷിക്കപ്പെടുകയും അവനെ അനുഗമിക്കുകയും ചെയ്തു. ഒടുവിൽ യോഹന്നാൻ, തന്റെ ജീവന്റെ ശുശ്രൂഷയാൽ സഭയിലെ പൊട്ടലുകൾ നന്നാക്കിക്കൊണ്ട്, യഥാർഥത്തിൽ നന്നാക്കുന്നവനായിത്തീർന്നു. (അവന്റെ മൂന്നു ലേഖനങ്ങളും വെളിപ്പാട് രണ്ടും മൂന്നും അധ്യായങ്ങളും കാണുക).

നാലു ശിഷ്യന്മാരെ വിളിച്ചത് പുതുതായി അഭിഷിക്തനായ രാജാവിന്റെ രാജകീയ ശുശ്രൂഷയുടെ ആരംഭമായിരുന്നു. അത് സ്വർഗരാജ്യം സ്ഥാപിക്കുന്നതിനു വേണ്ടിയുള്ള അടിസ്ഥാനം തന്നെയായിരുന്നു. ഈ നാലു ശിഷ്യന്മാർ പന്ത്രണ്ടു അപ്പൊസ്തലന്മാരിലെ ആദ്യത്തെ നാലുപേരായിത്തീർന്നു. പത്രൊസും അന്ത്രെയാസും ആദ്യത്തെ ജോടിയും യാക്കോബും യോഹന്നാനും രണ്ടാമത്തേതും ആയിരുന്നു. അങ്ങനെ, കർത്താവായ യേശുവിനാൽ പിടിക്കപ്പെട്ട ആദ്യത്തെ നാലു ശിഷ്യന്മാർ പുതിയ യെരൂശലേമിന്റെ പന്ത്രണ്ട് അടിസ്ഥാനങ്ങളിൽ നാലെണ്ണമായ ദൈവരാജ്യത്തിന്റെ ആദ്യത്തെ നാല് അടിസ്ഥാന കല്ലുകളായിത്തീർന്നു (വെളി. 21:14).

## F. വലിയ ആൾക്കൂട്ടത്തെ ആകർഷിക്കുന്നു

### *1. മുഴുവൻ ഗലീലയിലൂടെയും സഞ്ചരിച്ചുകൊണ്ട്*

വാക്യം 23 പറയുന്നു, "യേശുവോ അവരുടെ സിനഗോഗുകളിൽ ഉപദേശിച്ചുകൊണ്ടും രാജ്യത്തിന്റെ സുവിശേഷം പ്രഖ്യാപിച്ചുകൊണ്ടും ജനത്തിലെ സകല വ്യാധിയെയും ദീനത്തെയും സൗഖ്യമാക്കിക്കൊണ്ടും ഗലീലയിലൊക്കെയും ചുറ്റിസഞ്ചരിച്ചു." ഗലീലയിലൊക്കെയും സഞ്ചരിക്കുന്നതിലൂടെ യേശു തന്റെ ശുശ്രൂഷ വ്യാപിപ്പിച്ചു.

### *2. സിനഗോഗുകളിൽ ഉപദേശിച്ചുകൊണ്ട്*

ഗലീലയിലെ സിനഗോഗുകളിൽ യേശു ഉപദേശിച്ചുവെന്ന് വാക്യം 23 പറയുന്നു. യെഹൂദന്മാർ തിരുവെഴുത്തുകൾ വായിക്കുകയും പഠിക്കുകയും ചെയ്യുന്നതിനുള്ള ഒരു സ്ഥലമാണ് സിനഗോഗ് (ലൂക്കൊ. 4:16-17; പ്രവൃ. 13:14-15). അവിടെ പഠിപ്പിക്കുവാൻ സ്വർഗീയരാജാവ് അവസരമെടുത്തു.

### *3. രാജ്യത്തിന്റെ സുവിശേഷം പ്രസംഗിച്ചുകൊണ്ട്*

തന്റെ ശുശ്രൂഷയുടെ ആരംഭം മുതൽ സ്വർഗീയരാജാവ് രാജ്യത്തിന്റെ സുവിശേഷം പ്രസംഗിച്ചു. ഈ പുസ്തകത്തിലെ സുവിശേഷം രാജ്യത്തിന്റെ സുവിശേഷം എന്നു വിളിക്കപ്പെടുന്നു. ഇതിൽ പാപമോചനവും (പ്ര.നി. ലൂക്കൊ. 24:47) ജീവന്റെ പകർച്ചയും (പ്ര.നി. യോഹ. 20:31) മാത്രമല്ല അടങ്ങിയിരിക്കുന്നത്, പിന്നെയോ ഭൂതങ്ങളെ പുറത്താക്കാനും രോഗങ്ങളെ സൗഖ്യമാക്കാനുമുള്ള (യെശ. 35:5-6; മത്താ. 10:1) വരാനിരിക്കുന്ന യുഗത്തിന്റെ ശക്തിയോടുകൂടിയ (എബ്രാ. 6:5) സ്വർഗരാജ്യവും അടങ്ങിയിരിക്കുന്നു (മത്താ. 24:14). പാപക്ഷമയും ജീവപ്പകർച്ചയും രാജ്യത്തിനു വേണ്ടിയാണ്.

### *4. സകല വ്യാധിയെയും ഭൂതബാധിരെയും സൗഖ്യമാക്കിക്കൊണ്ട്*

കർത്താവ് ഗലീലയിലുടനീളം സഞ്ചരിച്ചപ്പോൾ അവൻ ജനത്തിനിടയിലുള്ള സകല വ്യാധിയെയും ദീനത്തെയും സൗഖ്യമാക്കി. നാലു കാര്യങ്ങൾ—സഞ്ചരിക്കുകയും, ഉപദേശിക്കുകയും, പ്രസംഗിക്കുകയും, സൗഖ്യമാക്കുകയും—ചെയ്തുകൊണ്ട് കർത്താവായ യേശു തന്റെ ശുശ്രൂഷ വ്യാപിപ്പിച്ചു. ഇന്ന് സുവിശേഷ വേലയിൽ നാമും സഞ്ചരിക്കുകയും, ഉപദേശിക്കുകയും, പ്രസംഗിക്കുകയും, സൗഖ്യമാക്കുകയും വേണം. നാലു കാര്യങ്ങളും നമുക്കാവശ്യമാണ്; സൗഖ്യമാക്കുന്ന

കാര്യത്തെ നാം അവഗണിക്കുകയോ അതിനെ താണതായി കാണുകയോ ചെയ്യരുത്. അല്പം മാത്രം സൗഖ്യമുള്ള മൗലിക ക്രിസ്തു മതത്തിന്റെയോ, അതിന് വളരെയധികം ഊന്നൽ നൽകുകയും, വെറും പ്രഹസനം മാത്രമായ വ്യാജ സൗഖ്യങ്ങൾ പോലുമുള്ള പെന്തക്കോസ്തു പ്രസ്ഥാനത്തിന്റെയോ അനുഷ്ഠാനത്തെ, നാം പിന്തുടരരുത്. ഈ രണ്ട് കടന്ന അറ്റങ്ങളെ പിന്തുടരുന്നതിനു പകരം, സഞ്ചരിക്കുകയും, ഉപദേശിക്കുകയും, പ്രസംഗിക്കുകയും, സൗഖ്യമാക്കുകയും ചെയ്ത കർത്താവായ യേശുവിന്റെ കാൽച്ചുവടുകളിൽ നാം നടക്കണം. അത്ഭുതങ്ങളിൽ നാം വിശ്വസിക്കുന്നില്ല എന്നു ചിന്തിക്കരുത്. നാം തീർച്ചയായും അതിൽ വിശ്വസിക്കുന്നു. സഞ്ചരിക്കുവാനും, പ്രസംഗിക്കുവാനും, സൗഖ്യമാക്കുവാനുമുള്ള കർത്താവിന്റെ നടത്തിപ്പിനെ നാം പിന്തുടരുന്നു.

ഒരു വലിയ വെളിച്ചമായി പ്രകാശിക്കുന്നതിലൂടെ തന്റെ ശിഷ്യന്മാരായിരിക്കുവാൻ കർത്താവ് നാല് യുവ മുക്കുവന്മാരെ പിടിച്ചു. ഈ നാലു ശിഷ്യന്മാർ അവൻ ഉപദേശിക്കുകയും, പ്രസംഗിക്കുകയും, സൗഖ്യമാക്കുകയും ചെയ്തതുപോലെ ഗലീലയിലുടനീളം രാജാവിനോടുകൂടെ സഞ്ചരിച്ചു. അതിന്റെ ഫലമായി സ്വർഗരാജ്യത്തിനുവേണ്ടി വലിയ പുരുഷാരം അവനെ പിന്തുടർന്നു (വാ. 25). ഇത് സ്വർഗരാജ്യം സ്ഥാപിക്കുന്നതിന്റെ ആരംഭമായിരുന്നു. ഇത് ലോകത്തിന്റെ രീതിയിൽനിന്നും തികച്ചും വ്യത്യസ്തമായിരുന്നു. കർത്താവ് ഒരു രാഷ്ട്രീയ പ്രസ്ഥാനമോ ഒരു രാഷ്ട്രീയ പാർട്ടിയോ തുടങ്ങിയില്ല. യാതൊരു തരത്തിലുള്ള പ്രസ്ഥാനവും അവൻ നടത്തിയില്ല. സുവിശേഷീകരണത്തിൽ രാഷ്ട്രീയത്തിന്റെയോ മതത്തിന്റെയോ രീതിയെ നാം പിന്തുടരരുത്. മറ്റുള്ളവരുടെമേൽ പ്രകാശിക്കുവാനും നാം എന്തായിരിക്കുന്നുവോ അതിനാൽ അവരെ ആകർഷിക്കുവാനും കർത്താവായ യേശുവിന്റെ മാർഗത്തെ നാം പിന്തുടരണം. എന്നിട്ട് നാം സഞ്ചരിക്കുകയും, ഉപദേശിക്കുകയും, പ്രസംഗിക്കുകയും, സൗഖ്യമാക്കുകയും വേണം. ഇത് ജനക്കൂട്ടത്തെ ആകർഷിക്കും.